**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലിങ്കേജ് വായ്പ എടുക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി, സഹകരണ ബാങ്ക് വഴി വായ്പ എടുക്കുന്നവർക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ബാങ്കുകൾ വഴി മൂന്നു ലക്ഷം വരെ ലിങ്കേജ് എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 4% കഴിച്ച് ബാക്കി വരുന്ന തുക ആണ് പലിശ സബ്സിഡി ആയി നൽകുന്നത്. ഇത് ലഭിക്കാൻ സി ഡി എസ്സ് ഓരോ വർഷവും ബാങ്കിൽ നിന്ന് ലോൺ വിവരങ്ങൾ വാങ്ങി ജില്ലാ മിഷനിൽ അപേക്ഷ കൊടുക്കണം. ജില്ലാ മിഷൻ അപേക്ഷ പരിഗണിച്ച് ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി നൽകും. എന്നാൽ 2018 മുതൽ ഈ ഇനത്തിൽ കുടുംബശ്രീക്കു ലഭ്യമാകുന്ന ഫണ്ട് സബ്സിഡി നൽകാൻ തികയാറില്ല. അത് കൊണ്ട് തന്നെ ധാരാളം അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡി കുടിശ്ശികയുണ്ട്. സംസ്ഥാന മിഷന് ലഭിച്ച ഫണ്ട് ജില്ലകൾക്ക് വീതിച്ച് നൽകിയിട്ടുണ്ട്. ലഭിച്ച ഫണ്ട് ഈ മാർച്ചോടെ പരമാവധി കൊടുത്തു തീർക്കാൻ കഴിയും. അടുത്ത വർഷത്തേക്കുള്ള പ്ലാൻ റൈറ്റപ്പിൽ നിലവിൽ വായ്പ എടുത്തു സബ്സിഡി ലഭ്യമാകാത്ത അയൽക്കൂട്ടങ്ങൾക്ക് സബ്സിഡി ലഭ്യമാകുന്നതിന് ആവശ്യമായ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് സബ്സിഡി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ